# മധുരമായ കുട്ടികളേ - ഓർമ്മയിലൂടെ സതോപ്രധാനമായി മാറുന്നതിനൊപ്പം പഠിപ്പിലൂടെ സമ്പാദ്യം ശേഖരിക്കുകയും വേണം, പഠിക്കുന്ന സമയത്ത് ബുദ്ധി അവിടേയും ഇവിടേയും അലയാൻ പാടില്ല.

**ചോദ്യം:-** ഡബിൾ അഹിംസകരും ഗുപ്ത യോദ്ധാക്കളുമായ നിങ്ങളുടെ ഏതൊരു വിജയമാണ് നിശ്ചിതമായത്, എന്തുകൊണ്ട്?
**ഉത്തരം:-** നിങ്ങൾ കുട്ടികൾ മായയുടെ മേൽ വിജയം നേടുന്നതിനായി നടത്തുന്ന പുരുഷാർത്ഥം, നിങ്ങളുടെ ലക്ഷ്യമിതാണ് ഞങ്ങൾ രാവണനിൽ നിന്നും രാജ്യം നേടുക തന്നെ ചെയ്യും... ഇതും ഡ്രാമയിൽ രചിച്ചിരിക്കുന്ന ഒരു യുക്തിയാണ്. നിങ്ങളുടെ വിജയം നിശ്ചിതമാണ് എന്തുകൊണ്ടെന്നാൽ നിങ്ങളുടെ കൂടെ സാക്ഷാൽ പരംപിതാ പരമാത്മാവുണ്ട്. നിങ്ങൾ യോഗബലത്തിലൂടെ വിജയം നേടുന്നു. മന്മനാഭവ എന്ന മഹാമന്ത്രത്തിലൂടെ നിങ്ങൾക്ക് രാജധാനി ലഭിക്കുന്നു. നിങ്ങൾ അരകൽപം രാജ്യം ഭരിക്കും.

**ഗീതം:-** മുഖം നോക്കൂ മനുഷ്യാ....

**ഓം ശാന്തി**. മധുര മധുരമായ കുട്ടികൾ മുന്നിലിരിക്കുമ്പോൾ മനസ്സിലാക്കുന്നുണ്ട് നമ്മെ പഠിപ്പിക്കുന്നത് ഒരു സാകാരത്തിലുള്ള ടീച്ചറല്ല, നമ്മെ പഠിപ്പിക്കുന്നത് ജ്ഞാനസാഗരനായ ബാബയാണ്. ഇത് പക്കാ നിശ്ചയമാണ് ബാബ നമ്മുടെ അച്ഛനാണ്, എപ്പോഴാണോ പഠിക്കുന്നത് അപ്പോൾ പഠിപ്പിൽ ശ്രദ്ധ വെക്കും. വിദ്യാർത്ഥികൾ സ്ക്കൂളിൽ ഇരിക്കുമ്പോൾ അവർക്ക് ടീച്ചറെയാണ് ഓർമ്മ വരിക, അല്ലാതെ അച്ഛനെയല്ല എന്തുകൊണ്ടെന്നാൽ സ്ക്കൂളിലാണ് ഇരിക്കുന്നത്. നിങ്ങൾക്കും അറിയാം ബാബ ടീച്ചറുമാണ്. പേരല്ല മനസ്സിലാക്കേണ്ടത്. ശ്രദ്ധവെക്കണം- ഞാൻ ആത്മാവാണ്, ബാബയിൽ നിന്നും കേൾക്കുകയാണ്. ഇത് മറ്റൊരിക്കലും സംഭവിക്കുന്നില്ല. സത്യയുഗത്തിലോ കലിയുഗത്തിലോ സംഭവിക്കുന്നില്ല. കേവലം ഒരേയൊരു തവണ, സംഗമത്തിൽ മാത്രമാണ് സംഭവിക്കുന്നത്. നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നു. നമ്മുടെ അച്ഛൻ ഈ സമയത്ത് ടീച്ചറാണ് എന്തുകൊണ്ടെന്നാൽ പഠിപ്പിക്കുന്നുണ്ട്, രണ്ട് ജോലിയും ചെയ്യേണ്ടതായി വരുന്നു. ആത്മാവ് ശിവബാബയിൽ നിന്നാണ് പഠിക്കുന്നത്. ഇതും യോഗവും പഠിപ്പുമാണ്. പഠിക്കുന്നത് ആത്മാവാണ്, പഠിപ്പിക്കുന്നത് പരമാത്മാവാണ്. ഇതിൽ എപ്പോഴാണോ നിങ്ങൾ സന്മുഖത്ത് ഇരിക്കുന്നത് അപ്പോഴാണ് കൂടുതൽ പ്രയോജനമുണ്ടാകുന്നത്. ധാരാളം കുട്ടികൾ നല്ലരീതിയിൽ ഓർമ്മയിൽ ഇരിക്കും. കർമ്മാതീത അവസ്ഥയിൽ എത്തുമ്പോൾ പവിത്രതയുടെ ശക്തിയും ലഭിക്കും. നിങ്ങൾക്കറിയാം ശിവബാബ നമ്മെ പഠിപ്പിക്കുകയാണ്. ഇത് നിങ്ങളുടെ യോഗവുമാണ്, സമ്പാദ്യവുമാണ്. ആത്മാവിനുതന്നെയാണ് സതോപ്രധാനമായി മാറേണ്ടത്. നിങ്ങൾ സതോപ്രധാനമായി മാറുകയും ചെയ്യുന്നു, ധനവും നേടുന്നു. സ്വയം ആത്മാവാണ് എന്ന് തീർച്ചയായും മനസ്സിലാക്കണം. ബുദ്ധി അലയാൻ പാടില്ല. ഇവിടെ ഇരിക്കുമ്പോൾ ശിവബാബ പഠിപ്പിക്കാനായി ടീച്ചറുടെ രൂപത്തിൽ വന്നുകഴിഞ്ഞു എന്നതായിരിക്കണം ബുദ്ധിയിൽ ഉണ്ടാകേണ്ടത്. ബാബ തന്നെയാണ് ജ്ഞാനസാഗരൻ, നമ്മെ പഠിപ്പിക്കുകയാണ്. ബാബയെ ഓർമ്മിക്കണം. സ്വദർശന ചക്രധാരികളും നമ്മൾ തന്നെയാണ്. ലൈറ്റ് ഹൗസുമാണ്. ഒരു കണ്ണിൽ ശാന്തിധാമവും മറുകണ്ണിൽ ജീവന്മുക്തിധാമവുമാണ്. ഈ കണ്ണുകളുടെ കാര്യമല്ല, ആത്മാവിന്റെ മൂന്നാമത്തെ നേത്രത്തെക്കുറിച്ച് പറയാറുണ്ട്. ഇപ്പോൾ ആത്മാക്കൾ കേൾക്കുകയാണ്, ശരീരം ഉപേക്ഷിക്കുമ്പോൾ ആത്മാവിൽ ഈ സംസ്ക്കാരം ഉണ്ടാകും. ഇപ്പോൾ നിങ്ങൾ ബാബയുമായി യോഗം വെക്കുന്നു. സത്യയുഗം മുതൽ നിങ്ങൾ വിയോഗികളായിരുന്നു അർത്ഥം ബാബയുമായി യോഗം ഉണ്ടായിരുന്നില്ല. ഇപ്പോൾ നിങ്ങൾ യോഗികളാവുകയാണ്, ബാബക്ക് സമാനമാവുകയാണ്. യോഗം പഠിപ്പിക്കുന്നത് ഈശ്വരനാണ് അതിനാലാണ് ബാബയെ യോഗേശ്വരൻ എന്ന് പറയുന്നത്. നിങ്ങളും യോഗേശ്വരന്റെ കുട്ടികളാണ്. ബാബക്ക് യോഗം വെക്കേണ്ടതില്ല. ബാബ യോഗം പഠിപ്പിക്കുന്ന പരംപിതാ പരമാത്മാവാണ്. നിങ്ങൾ ഓരോരുത്തരും ഇപ്പോൾ യോഗേശ്വരനും യോഗേശ്വരിയുമായി മാറുന്നു പിന്നീട് രാജ-രാജേശ്വരിയായി മാറും. ബാബ യോഗം പഠിപ്പിക്കുന്ന ഈശ്വരനാണ്. സ്വയം പഠിക്കുന്നില്ല, പഠിപ്പിക്കുകയാണ് ചെയ്യുന്നത്. കൃഷ്ണന്റെ ആത്മാവും അന്തിമ ജന്മത്തിൽ യോഗം പഠിച്ച് വീണ്ടും കൃഷ്ണനാവുന്നു, അതിനാൽ കൃഷ്ണനേയും യോഗേശ്വരൻ എന്നു പറയുന്നു എന്തുകൊണ്ടെന്നാൽ കൃഷ്ണന്റെ ആത്മാവ് ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. യോഗേശ്വരനിൽ നിന്നും യോഗം പഠിച്ച് കൃഷ്ണന്റെ പദവി നേടുന്നു. ബാബ പിന്നീട് ഇദ്ദേഹത്തിന് ബ്രഹ്മാവ് എന്ന് പേര് നൽകുന്നു. ആദ്യം ലൗകിക നാമമായിരുന്നു പിന്നീടാണ് മർജീവയായി മാറിയത്. ആത്മാവിനാണ് ബാബയുടേതായി മാറേണ്ടത്. ബാബയുടേതായി മാറിയെങ്കിൽ മരിച്ചുകഴിഞ്ഞുവല്ലോ. നിങ്ങളും ബാബയിലൂടെ യോഗം പഠിക്കുകയാണ്. ഈ സംസ്ക്കാര

ങ്ങളുമായാണ് നിങ്ങൾ ശാന്തിധാമത്തിലേക്ക് പോകുന്നത്. പിന്നീട് പ്രാലബ്ധത്തിന്റെ പുതിയ പാർട്ട് പ്രത്യക്ഷമാകും. അവിടെ ഈ കാര്യങ്ങൾ ഓർമ്മയുണ്ടാകില്ല. ഇത് ഇപ്പോഴാണ് ബാബ മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ പാർട്ട് പൂർത്തിയാവുകയാണ്. പിന്നീട് പുതിയതായി വീണ്ടും ആരംഭിക്കും. ബാബ പറയുന്നു എപ്പോഴാണോ എനിക്ക് പോകണം എന്ന സങ്കൽപം ഉണരുന്നത് അപ്പോഴാണ് ഞാൻ വരുന്നതും എന്റെ വാണി ആരംഭിക്കുന്നതും. അവിടെ ശാന്തിയിലാണ്. പിന്നീട് ഡ്രാമയനുസരിച്ച് എന്റെ പാർട്ട് ആരംഭിക്കുന്നു. വരുന്നതിനുള്ള സങ്കൽപം ഉണരുന്നു. പിന്നീട് ഇവിടെ വന്ന് പാർട്ട് അഭിനയിക്കുന്നു. നിങ്ങളുടെ ആത്മാവും  നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് കഴിഞ്ഞ കൽപത്തിലേതുപോലെ കേൾക്കുന്നുണ്ട്. ദിനംപ്രതിദിനം വൃദ്ധി നേടിക്കൊണ്ടിരിക്കും. ഒരു ദിവസം നിങ്ങൾക്ക് വളരെ രാജകീയമായ ഹാളും ലഭിക്കും, അതിൽ വളരെ വലിയ വലിയ ആളുകൾ വരും. എല്ലാവരും ഒരുമിച്ചിരുന്ന് കേൾക്കും. ദിനംപ്രതിദിനം ധനവാന്മാരും ദരിദ്രരായി മാറും, പട്ടിണിയിലാവും. ഇത്രയും ആപത്തുകൾ വരും, മിസൈലുകൾ മഴയായി പെയ്യും അപ്പോൾ മുഴുവൻ കൃഷിയിടങ്ങളും വെള്ളത്തിൽ മുങ്ങിപ്പോകും. പ്രകൃതിക്ഷോഭങ്ങൾ വരികതന്നെ ചെയ്യുമല്ലോ. വിനാശം ഉണ്ടാവുക തന്നെ ചെയ്യും, ഇതിനെയാണ് പ്രകൃതിയിലെ ആപത്തുകൾ എന്നു പറയുന്നത്. ബുദ്ധി പറയുന്നുണ്ട് തീർച്ചയായും വിനാശം ഉണ്ടാകണം. ആ ഭാഗത്തുനിന്ന് ബോംബുകളും തയ്യാറാണ് പിന്നെ പ്രകൃതിക്ഷോഭങ്ങളും ഇവിടേക്കുള്ളതാണ്. ഇതിൽ വളരെയധികം ധൈര്യം വേണം. അംഗദന്റേയും ഉദാഹരണമുണ്ടല്ലോ, ആർക്കും ഇളക്കാൻ സാധിച്ചില്ല. ഈ അവസ്ഥ പക്കയാക്കണം– ഞാൻ ആത്മാവാണ്, ശരീരത്തിന്റെ അഭിമാനം മുറിഞ്ഞുകൊണ്ടിരിക്കണം. സത്യയുഗത്തിൽ സ്വതവേ സമയം പൂർത്തിയാവുമ്പോൾ സാക്ഷാത്ക്കാരമുണ്ടാകും. ഇപ്പോൾ എനിക്ക് ഈ ശരീരമുപേക്ഷിച്ച് പോയി ചെറിയ കുട്ടിയായി മാറണം. ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതിൽ ചെന്ന് പ്രവേശിക്കുന്നു, ശിക്ഷകളൊന്നും അവിടെയുണ്ടാകില്ല. ദിനംപ്രതിദിനം നിങ്ങൾ അടുത്തേക്ക് വന്നുകൊണ്ടിരിക്കും. ബാബ പറയുന്നു എന്നിൽ എന്ത് പാർട്ടാണോ അടങ്ങിയിരിക്കുന്നത് അത് നടക്കും. കുട്ടികളോട് പറഞ്ഞുകൊണ്ടിരിക്കും. പിന്നീട് ബാബയുടെ പാർട്ട് പൂർത്തിയാവുമ്പോൾ നിങ്ങളുടെ പാർട്ടും പൂർത്തിയാവും. ശേഷം നിങ്ങളുടെ സത്യയുഗത്തിന്റെ പാർട്ട് ആരംഭിക്കും. ഇപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ രാജ്യം നേടണം, ഈ ഡ്രാമ വളരെ യുക്തിപൂർവ്വമാണ് നിർമ്മിച്ചിട്ടുള്ളത്. നിങ്ങൾ മായയുടെ മേൽ വിജയം നേടുന്നു, ഇതിനും സമയമെടുക്കും. അവരാണെങ്കിൽ ഒരു ഭാഗത്ത് കരുതുന്നു ഞങ്ങൾ സ്വർഗ്ഗത്തിലാണ് ഇരിക്കുന്നത്, ഇത് സുഖധാമമായിരിക്കുന്നു, എന്നാൽ മറുവശത്ത് ഗീതയിലും ഭാരതത്തിന്റെ അവസ്ഥ കേൾപ്പിക്കുന്നു. നിങ്ങൾക്കറിയാം ഇത് കൂടുതൽ തമോപ്രധാനമായിരിക്കുന്നു. ഡ്രാമയനുസരിച്ച് വളരെ ശക്തമായി തമോപ്രധാനമായിക്കൊണ്ടിരിക്കും. നിങ്ങൾ ഇപ്പോൾ സതോപ്രധാനമാകുകയാണ്. ഇപ്പോൾ അടുത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ്, അവസാനം നിങ്ങളുടെ വിജയം തന്നെയാണ് ഉണ്ടാവുക. അയ്യോ അയ്യോ എന്ന നിലവിളിക്ക് ശേഷം ജയജയാരവം ഉണ്ടാകും. നെയ്യിന്റെ നദികൾ ഒഴുകും. അവിടെ നെയ്യൊന്നും വാങ്ങിക്കേണ്ടതായി വരില്ല. എല്ലാവരുടെ പക്കലും സ്വന്തമായി ഒന്നാന്തരം പശുക്കളുണ്ടാകും. നിങ്ങൾ എത്ര ശ്രേഷ്ഠമായി മാറുന്നു. നിങ്ങൾക്കറിയാം ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും വീണ്ടും ആവർത്തിക്കും. ബാബ വന്ന് ലോകചരിത്രം വീണ്ടും ആവർത്തിക്കുന്നു അതിനാലാണ് ബാബ പറഞ്ഞത് ഇതും എഴുതണം അതായത് ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെയാണ് ആവർത്തിക്കുന്നത്– വന്ന് മനസ്സിലാക്കൂ. ആരാണോ വിവേകശാലികൾ അവർ പറയും ഇപ്പോൾ ഇരുമ്പുയുഗമാണെങ്കിൽ തീർച്ചയായും സ്വർണ്ണിമയുഗം വീണ്ടും ആവർത്തിക്കും. ചിലർ പറയും സൃഷ്ടി ചക്രം ലക്ഷക്കണക്കിന് വർഷങ്ങളുടേതാണ് എങ്കിൽ ഇപ്പോൾ അത് എങ്ങനെ ആവർത്തിക്കും. ഇവിടെ സൂര്യവംശി– ചന്ദ്രവംശികളുടെ ചരിത്രമില്ല. അവസാനം വരെ എങ്ങനെയാണ് ഈ ചക്രം ആവർത്തിക്കുന്നത്. ഇവരുടെ രാജ്യം വീണ്ടും എപ്പോഴാണ് ഉണ്ടാവുക എന്നത് അവർക്കും അറിയില്ല. രാമരാജ്യത്തെ അറിയില്ല. ഇപ്പോൾ നിങ്ങളുടെ കൂടെ ബാബയുണ്ട്. ആരുടെ ഭാഗത്ത് സാക്ഷാൽ പരമപിതാ പരമാത്മാവുണ്ടോ അവർക്ക് തീർച്ചയായും വിജയം ഉണ്ടാകും. ബാബ ഹിംസയൊന്നും ചെയ്യിക്കില്ല. ആരെയെങ്കിലും വധിക്കുന്നത് ഹിംസയല്ലേ. ഏറ്റവും വലിയ ഹിംസ കാമകഠാര പ്രയോഗിക്കുന്നതാണ്. ഇപ്പോൾ നിങ്ങൾ ഡബിൾ അഹിംസകരായി മാറുകയാണ്. അവിടെയുള്ളത് അഹിംസയാണ് പരമധർമ്മമായ ദേവീദേവതാ ധർമ്മം. അവിടെ വഴക്കടിക്കുകയുമില്ല, വികാരത്തിലേക്ക് പോവുകയുമില്ല. ഇപ്പോൾ നിങ്ങളുടേത് യോഗബലമാണ്, എന്നാൽ ഇതിനെ മനസ്സിലാക്കാത്തതിനാൽ ശാസ്ത്രങ്ങളിൽ അസുരന്മാരുടേയും ദേവന്മാരുടേയും യുദ്ധം കാണിക്കുന്നു, അഹിംസ ആർക്കും അറിയില്ല. ഇത് നിങ്ങൾക്കേ അറിയൂ. നിങ്ങൾ ഗുപ്തമായ യോദ്ധാക്കളാണ്. ഗുപ്തമാണെങ്കിലും വളരെ പ്രശസ്തരാണ്. നിങ്ങളെ ആരെങ്കിലും യോദ്ധാക്കളാണെന്ന് കരുതുമോ? നിങ്ങളിലൂടെ എല്ലാവർക്കും മന്മനാഭവ എന്ന സന്ദേശം ലഭിക്കും. ഇതാണ് മഹാമന്ത്രം. മനുഷ്യർ ഈ കാര്യങ്ങൾ മനസ്സിലാക്കുന്നില്ല. സത്യ–ത്രേതായുഗങ്ങളിൽ ഇത് ഉണ്ടാവുകയില്ല. മന്ത്രത്തിലൂടെ നിങ്ങൾ രാജധാനി നേടി പിന്നീട് ഇതിന്റെ ആവശ്യമില്ല. നമ്മൾ എങ്ങനെയാണ് ചക്രം കറങ്ങിവന്നത് എന്നത് നിങ്ങൾക്കറിയാം. ഇപ്പോൾ വീണ്ടും ബാബ മഹാമന്ത്രം നൽകുകയാണ്. പിന്നീട് അരകൽപം

രാജ്യം ഭരിക്കും. ഇപ്പോൾ നിങ്ങൾ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുകയും ചെയ്യിക്കുകയും വേണം. ബാബ മാർഗ്ഗം നൽകുന്നു- തന്റെ ചാർട്ട് വെക്കുന്നതിലൂടെ വളരെയധികം രസം തോന്നും. രജിസ്റ്ററിൽ ഗുഡ്, ബെറ്റർ, ബെസ്റ്റ് എന്നുണ്ടാകുമല്ലോ. സ്വയം അനുഭവം ചെയ്യും. ചിലർ നന്നായി പഠിക്കും. ചിലർ ശ്രദ്ധ നൽകുന്നില്ലെങ്കിൽ തോറ്റുപോകും. എന്നാൽ ഇത് പരിധിയില്ലാത്ത പഠിപ്പാണ്. ബാബ ടീച്ചറുമാണ് ഗുരുവുമാണ്. ഒരുമിച്ചാണ്. മർജീവയായി മാറൂ എന്ന് ഈ ഒരേയൊരു അച്ഛനേ പറയൂ. നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ബാബ പറയുന്നു ഞാൻ നിങ്ങളുടെ അച്ഛനാണ്. ബ്രഹ്മാവിലൂടെ രാജ്യം നൽകുകയാണ്. ബ്രഹ്മാവ് ഇടയിലെ ദല്ലാളാണ്, ഇവരുമായി യോഗം വെക്കേണ്ട തില്ല. ഇപ്പോൾ നിങ്ങളുടെ ബുദ്ധി യോജിച്ചിരിക്കുന്നത് തന്റെ പതിമാരുടേയും പതിയായ പ്രിയതമൻ ശിവ നുമായാണ്. ഇദ്ദേഹത്തിലൂടെ ബാബ നിങ്ങളെ തന്റേതാക്കി മാറ്റുന്നു. പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. നമ്മൾ ആത്മാക്കൾക്ക് പാർട്ട് പൂർത്തിയാക്കി ഇപ്പോൾ ബാബയുടെ അടുത്തേക്ക് വീട്ടിലേക്ക് തിരിച്ചുപോകണം. ഇപ്പോൾ മുഴുവൻ സൃഷ്ടിയും തമോപ്രധാനമാണ്. 5 തത്വ ങ്ങളും തമോപ്രധാനമാണ്. അവിടെ എല്ലാം പുതിയതായിരിക്കും. ഇവിടെ നോക്കൂ വജ്രമോ വൈഡൂര്യ ങ്ങളോ ഒന്നും തന്നെയില്ല. സത്യയുഗത്തിൽ പിന്നീട് എവിടെ നിന്നാണ് വരുന്നത്? കാലിയായ ഖനിക ളെല്ലാം ഇപ്പോൾ വീണ്ടും നിറയുകയാണ്. ഖനികളിൽ നിന്ന് കുഴിച്ചെടുക്കും. ചിന്തിക്കൂ എല്ലാം പുതിയ വസ്തുക്കളായിരിക്കുമല്ലോ. ലൈറ്റും പുതിയതായിരിക്കും, സയൻസിലൂടെ ഇവിടെ നിന്നും പഠിക്കുകയാ ണ്. അവിടെ ഇതും ഉപയോഗത്തിൽ വരും. ഹെലികോപ്ടർ നിൽക്കുന്നുണ്ടാകും, ബട്ടൺ അമർത്തി യതും അത് ചലിക്കും. ഒരു ബുദ്ധിമുട്ടുമില്ല. അവിടെ എല്ലാം പൂർണ്ണമായും സുരക്ഷിതമായിരിക്കും, ഒരി ക്കലും യന്ത്രങ്ങൾ കേടുവരികയില്ല. വീട്ടിൽ ഇരിക്കെത്തന്നെ സെക്കന്റിൽ സ്ക്കൂളിലേക്കോ, ചുറ്റിക്കറ ങ്ങാനോ പോകാൻ സാധിക്കും. പ്രജകൾക്ക് പിന്നീട് അതിലും കുറവായിരിക്കും. നിങ്ങൾക്കായി അവിടെ എല്ലാസുഖങ്ങളും ഉണ്ടായിരിക്കും. അകാലമൃത്യു ഉണ്ടാവുക സാധ്യമല്ല. എങ്കിൽ നിങ്ങൾ കുട്ടികൾ എത്ര ശ്രദ്ധ നൽകണം. മായയുടെ ശക്തിയും കൂടുതലാണ്. ഇത് മായയുടെ അന്തിമ ദൃശ്യമാണ്. നോക്കൂ യുദ്ധ ത്തിൽ എത്രപേരാണ് മരിക്കുന്നത്. യുദ്ധം അവസാനിക്കുന്നേയില്ല. ഇത്രയും വലിയ ലോകം എവിടെക്കി ടക്കുന്നു, ഒരേയൊരു സ്വർഗ്ഗം എവിടെക്കിടക്കുന്നു. അവിടെ ഗംഗ പതിത പാവനിയാണ് എന്നൊന്നും പറ യില്ല. അവിടെ ഭക്തിമാർഗ്ഗത്തിലെ ഒരു കാര്യവുമുണ്ടാകില്ല. നോക്കൂ ഇവിടെ ഗംഗയിൽ മുഴുവൻ നരകങ്ങ ളിലേയും മാലിന്യം വന്നടിയുന്നു. ബോംബയിലെ മുഴുവൻ അഴുക്കും സാഗരത്തിലേക്ക് ഒഴുകിയെത്തു ന്നു.

ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ വലിയ വലിയ ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു. വജ്ര വൈഡൂര്യങ്ങളുടേത് സുഖം തന്നെയായിരിക്കില്ലേ. മുക്കാൽഭാഗവും സുഖമാണ്, ബാക്കി കാൽഭാഗമേ ദുഃഖമുള്ളൂ. പകുതി പകുതിയാ ണെങ്കിൽ പിന്നീട് രസമുണ്ടായിരിക്കില്ല. ഭക്തിമാർഗ്ഗത്തിലും നിങ്ങൾ വളരെ സുഖമായാണ് കഴിഞ്ഞത്. പിന്നീട് ക്ഷേത്രങ്ങളെല്ലാം വന്ന് കൊള്ളയടിച്ചിട്ടുപോയി. സത്യയുഗത്തിൽ നിങ്ങൾ എത്ര ധനികരായി രുന്നു അതുകൊണ്ട് നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടാകണം. പ്രധാനലക്ഷ്യം മുന്നിൽ നിൽക്കുന്നുണ്ട്. മാതാപിതാവിന്റേത് അത് നിശ്ചിതമാണ്. സന്തോഷം പോലൊരു ടോണിക്കില്ല എന്ന് പാടാറുണ്ട്. യോഗത്തിലൂടെ ആയുസ്സ് വർദ്ധിക്കുന്നു.

ഇപ്പോൾ ആത്മാവിന് തന്റെ ദർശനമുണ്ടായി അതായത് നമ്മൾ 84ന്റെ ചക്രം കറങ്ങുന്നു. ഇത്രയും പാർട്ട് അഭിനയിക്കുന്നു. എല്ലാ ആത്മാക്കളും അഭിനേതാക്കളായി താഴേക്ക് വന്നുകഴിഞ്ഞാൽ ബാബ എല്ലാവ രേയും കൊണ്ടുപോകും. ശിവന്റെ വിവാഹഘോഷയാത്ര എന്ന് പറയാറില്ലേ. ഇതെല്ലാം നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് നിങ്ങൾക്കറിയാം. നിങ്ങൾ എത്രത്തോളം ഓർമ്മയിൽ ഇരിക്കുന്നുവോ അത്ര ത്തോളം നിങ്ങൾക്ക് സന്തോഷം ഉണ്ടാകും. ദിനംപ്രതിദിനം അനുഭവം ചെയ്തുകൊണ്ടിരിക്കും, എന്തു കൊണ്ടെന്നാൽ പഠിപ്പിക്കുന്നത് ഈ ബാബയല്ലേ. ഇദ്ദേഹവും പഠിപ്പിക്കുകയാണ്. ബ്രഹ്മാവിന് ചോദി ക്കേണ്ട ആവശ്യമില്ല. ചോദിക്കുന്നത് നിങ്ങളാണ്. ഇദ്ദേഹം കേൾക്കുകയാണ് ചെയ്യുന്നത്. ബാബ മറുപടി നൽകുന്നു അപ്പോൾ ഇദ്ദേഹവും കേൾക്കുന്നുണ്ട്, ഇദ്ദേഹത്തിന്റെ കർത്തവ്യം എത്ര അത്ഭുതകരമാണ്. ഇദ്ദേഹവും ഓർമ്മയിൽ ഇരിക്കുന്നുണ്ട്. പിന്നീട് കുട്ടികൾക്ക് വർണ്ണിച്ച് തരുന്നു. ബാബ എന്നെ കഴിപ്പിക്കു ന്നു. ഞാൻ ബാബക്ക് എന്റെ രഥം നൽകുന്നു, സവാരി ചെയ്യുന്നുണ്ടെങ്കിൽ പിന്നെ എന്തുകൊണ്ട് കഴിപ്പി ക്കില്ല. നിങ്ങൾ മനുഷ്യ കുതിരകളാണ്. ശിവബാബയുടെ രഥമാണ്- എന്ന ചിന്തയുണ്ടെങ്കിൽ ശിവബാബ യുടെ ഓർമ്മയുണ്ടാകും. ഓർമ്മയിലൂടെയേ ഗുണമുള്ളൂ. ഭണ്ഡാരിയിൽ ഭക്ഷണം പാകം ചെയ്യുകയാ ണെങ്കിലും കരുതൂ ഞാൻ ശിവബാബയുടെ കുട്ടികൾക്കായി പാകം ചെയ്യുകയാണ്. സ്വയം ശിവബാബ യുടെ കുട്ടിയാണ് അതിനാൽ ഇങ്ങനെ ഓർമ്മിക്കുന്നതിലും ഗുണം തന്നെയാണുള്ളത്. ആരാണോ ഓർമ്മ യിൽ ഇരുന്ന് കർമ്മാതീത അവസ്ഥ പ്രാപ്തമാക്കുന്നത് അതുപോലെ സേവനം ചെയ്യുന്നത് അവർക്കാണ്

ഏറ്റവും വലിയ പദവി ലഭിക്കുക. ഈ ബാബയും വളരെയധികം സേവനം ചെയ്യുന്നില്ലേ. ഇദ്ദേഹത്തിന്റേത് പരിധിയില്ലാത്ത സേവനമാണ് നിങ്ങൾ പരിധിയുള്ള സേവനം ചെയ്യുന്നു. സേവനത്തിലൂടെയാണ് ഇദ്ദേഹത്തിനും പദവി ലഭിക്കുന്നത്. ശിവബാബ പറയുന്നു- ഇങ്ങനെ ഇങ്ങനെ ചെയ്യൂ, ഇദ്ദേഹത്തിനും നിർദേശം നൽകാറുണ്ട്. കുട്ടികൾക്ക് തീർച്ചയായും കൊടുങ്കാറ്റ് വരും, ഓർമ്മിക്കാതെ കർമ്മേന്ദ്രിയങ്ങളെ വശത്താക്കുക ബുദ്ധിമുട്ടാണ്. ഓർമ്മയിലൂടെ വേണം തോണി അക്കരെയെത്താൻ, ഇത് ശിവബാബയാണോ പറയുന്നത് അതോ ബ്രഹ്മാബാബയാണോ പറയുന്നത്, എന്നത് മനസ്സിലാക്കുന്നതും ബുദ്ധിമുട്ടാണ്. ഇതിനായി വളരെ സൂക്ഷ്മമായ ബുദ്ധി ആവശ്യമാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ഈ സമയത്ത് പരിപൂർണ്ണമായും മർജീവയായി മാറണം. പഠിപ്പ് നല്ലരീതിയിൽ പഠിക്കണം, തന്റെ ചാർട്ട് അഥവാ രജിസ്റ്റർ വെയ്ക്കണം. ഓർമ്മയിൽ ഇരുന്ന് തന്റെ കർമ്മാതീത അവസ്ഥ പ്രാപ്തമാക്കണം.

2) അന്തിമ വിനാശത്തിന്റെ ദൃശ്യങ്ങൾ കാണുന്നതിന് ധൈര്യവാനായി മാറണം. ഞാൻ ആത്മാവാണ്- ഈ അഭ്യാസത്തിലൂടെ ശരീരത്തിന്റെ ബോധം ഇല്ലാതായിക്കൊണ്ടിരിക്കണം.

## വരദാനം-ദേഹാഭിമാനത്തെ ഇല്ലാതാക്കി ക്രോധമില്ലാത്തവരായി മാറുന്ന വിനയചിത്തരായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ ദേഹാഭിമാനത്തെ ഇല്ലാതാക്കുന്നത് അവർക്ക് ഒരിക്കലും ക്രോധം വരില്ല.കാരണം ക്രോധം വരാൻ രണ്ട് കാരണങ്ങളാണ് ഉള്ളത്.ഒന്ന്- ആരെങ്കിലും നുണ പറയുമ്പോൾ രണ്ട്- ആരെങ്കിലും അപമാനിക്കുമ്പോൾ.ഈ രണ്ട് കാര്യങ്ങളാണ് ക്രോധത്തിന് ജൻമം നൽകുന്നത്.അങ്ങിനെയുള്ള പരിതസ്ഥിതിയിൽ വിനയചിത്തത എന്ന വരദാനത്തിലൂടെ അപകാരിക്കും ഉപകാരം ചെയ്യണം ,മോശമായ വാക്കുകൾ പറയുന്നവരെ ചേർത്തുനിർത്തണം, നിന്ദിക്കുന്നവരെ സത്യമായ മിത്രമായി കാണണം.അതാണ് മിടുക്ക്.എപ്പോഴാണോ അങ്ങിനെയുള്ള പരിവർത്തനം ഉണ്ടാക്കിക്കാണിക്കുന്നത് അപ്പോൾ വിശ്വത്തിനുമുന്നിൽ പ്രസിദ്ധമാകും.

## സ്ലോഗൻ-ആനന്ദത്തിന്റെ അനുഭവം ചെയ്യാനായി മായയുടെ അധീനതയെ വിട്ട് സ്വതന്ത്രമാകൂ.

**അവ്യക്തസൂചന-ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാരൂപമാക്കി മാറ്റൂ.**
ഇപ്പോൾ ജ്വാലാമുഖിയായി മാറി ആസുരീയസംസ്ക്കാരങ്ങളേയും അസുരീയസ്വഭാവങ്ങളേയും ഭസ്മമാക്കണം.എങ്ങിനെയാണോ ദേവതകളുടെ ഓർമ്മചിഹ്നങ്ങളിൽ അഗ്നിജ്വാലയാൽ അസുരൻമാരെ സംഹരിക്കുന്നതായി കാണിക്കുന്നത് അതുപോലെ ഭസ്മമാക്കണം.അസുരൻ ഒരു വ്യക്തിയൊന്നുമല്ല,ആസുരീയ ശക്തികളേയാണ് ഭസ്മമാക്കുന്നത്.ഇത് താങ്കളുടെ ഇപ്പോഴത്തെ ജ്വാലാസ്വരൂപസ്ഥിതിയുടെ ഓർമ്മച്ചിഹ്നമാണ്.ഇപ്പോൾ അങ്ങിനെയുള്ള യോഗത്തിന്റെ ജ്വാലയെ പ്രജ്വലിപ്പിക്കണം, അതിലൂടെ ഈ കലിയുഗീലോകം തന്നെ ഭസ്മമാകണം.